പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2159 11.06.2018- ൽ മറുപടിയ്ക്ക്

# വയോമിത്രം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.സ്വരാജ്. | കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് മുതിർന്ന പൗരന്മാരുടെ ആരോഗ്യ സുരക്ഷ ഉറപ്പവരുത്തുന്നതിനായി നടപ്പിലാക്കി വരുന്ന വയോമിത്രം പദ്ധതിയുടെ വിശദാംശം അറിയിക്കുമോ; | (എ) | സംസ്ഥാനത്തെ നഗരസഭാ പ്രദേശത്ത് (മുനിസിപ്പാലിറ്റി/കോർപ്പറേഷൻ) വസിക്കുന്ന 65 വയസ്സ് കഴിഞ്ഞ മുതിർന്ന പൗരന്മാർക്ക് ആരോഗ്യ സുരക്ഷയും മാനസിക ഉല്ലാസവും നല്കുന്നതിലേയ്ക്ക് വേണ്ടി കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പാക്കുന്ന പദ്ധതിയാണ് 'വയോമിത്രം'. പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്ന മുതിർന്ന പൗരന്മാർക്ക് അവരുടെ സാമ്പത്തിക സ്ഥിതി ബാധകമാക്കാതെ സൗജന്യമായി മരുന്ന്, പാലിയേറ്റീവ് സേവനം, ഹെൽപ്പ് ഡെസ്കിന്റെ സേവനം, കൗൺസിലിംഗ് സേവനം എന്നിവ ലഭ്യമാക്കുന്നുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ; | (ബി) | 2011-ൽ കൊല്ലം, തിരുവനന്തപുരം കോർപ്പറേഷനുകളിൽ ആരംഭിച്ച പ്രസ്തുത പദ്ധതി 2016 വരെ 38 യൂണിറ്റുകളിൽ മാത്രമാണ് ആരംഭിക്കാൻ കഴിഞ്ഞിട്ടുള്ളത്. കഴിഞ്ഞ രണ്ട് വർഷക്കാലം കൊണ്ട് 49 മുനിസിപ്പാലിറ്റികളിൽ കൂടി പ്രസ്തുത പദ്ധതി ആരംഭിച്ചിട്ടുണ്ട്. നിലവിൽ |

| | | | |
|---|---|---|---|
| | | | ആകെ 87 നഗരസഭാ പ്രദേശത്ത് പദ്ധതി നടപ്പാക്കിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതി വിപുലീകരിക്കുവാൻ ആലോചിക്കുന്നുണ്ടോ; | (സി) & (ഡി) | ഉണ്ട്. നടപ്പ് സാമ്പത്തിക വർഷം തന്നെ പ്രസ്തുത പദ്ധതി ബ്ലോക്ക്-ഗ്രാമ പഞ്ചായത്ത് തലത്തിൽ ആരംഭിക്കുന്നതിന് വേണ്ട നടപടികൾ ആരംഭിച്ചിട്ടുണ്ട്. സർക്കാരിന്റെ രണ്ടാം വാർഷിക ഉപഹാരമായി ടി പദ്ധതി ബ്ലോക്ക് തലത്തിൽ ആരംഭിക്കുന്നതിന്റെ ഉദ്ഘാടനം കോഴിക്കോട് റൂറൽ ബ്ലോക്ക് പഞ്ചായത്തിൽ നടത്തിയിട്ടുണ്ട്. ടി പദ്ധതി ഈ സാമ്പത്തിക വർഷം തന്നെ സംസ്ഥാനത്തെ 14 ബ്ലോക്ക് പഞ്ചായത്തിൽ ആരംഭിക്കുന്നതിന് വേണ്ട നടപടികൾ കേരള സാമൂഹ്യ സുരക്ഷാ മിഷൻ സ്വീകരിച്ചു വരുന്നു. ഇതോടൊപ്പം ടി പദ്ധതിയുടെ ഭാഗമായി ആയുർവേദ ചികിത്സ കൂടി ലഭ്യമാക്കുന്ന **'ആയുർമിത്രം'** ഈ വർഷം തന്നെ ആരംഭിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. **'ആയുർമിത്രം'** പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ ആറു കോർപ്പറേഷനുകളിൽ ഈ സാമ്പത്തിക വർഷം ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (ഡി) | ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ? | | |

**സെക്ഷൻ ഓഫീസർ**